പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.T*252

18/07/2016 ൽ മറുപടിക്ക്

## തോട്ടണ്ടി ഇടപാടിലെ ക്രമക്കേടുകൾ

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

മെഴ്സിക്കുട്ടി അമ്മ

(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വികസന കോർപറേഷന്റെ തോട്ടണ്ടി ഇടപാടിൽ അഴിമതി നടന്നിട്ടുള്ളതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു കേസിൽ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം അന്വേഷണം സി.ബി.ഐ.യ്ക്ക് വിട്ടിട്ടുണ്ട്. കൂടാതെ തോട്ടണ്ടി ഇടപാട് സംബന്ധിച്ച മറ്റൊരു കേസിൽ വിജിലൻസ് ത്വരിതാന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| (ബി) | തോട്ടണ്ടി ഇറക്കുമതി ചെയ്ത ഏജൻസി ഏതാണെന്നും, കശുവണ്ടിയുടെ ഗുണനിലവാരം പരിശോധിച്ച ലബോറട്ടറി ഏതാണെന്നും പ്രസ്തുത ക്രമക്കേടിൽ ഇവരുടെ പങ്കെന്താണെന്നും വ്യക്താമാക്കാമോ ; | (ബി) | കോട്ടയം ജില്ലയിലെ M/s. J.M.J.Traders എന്ന കമ്പനിയാണ് തോട്ടണ്ടി ഇറക്കുമതി ചെയ്തത്. കശുവണ്ടിയുടെ ഗുണനിലവാരം പരിശോധിച്ചത് M/s.ജിയോ.കെം ലബോറട്ടറി പ്രൈവറ്റ് ലിമിറ്റഡ്, കടപ്പാക്കട, കൊല്ലം എന്ന സ്ഥാപനമാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ മുൻ ചെയർമാനും മാനേജിംഗ് ഡയറക്ടറും ജെ.എം.ജെ. ട്രേഡേഴ്സ് ഉടമയുമായി ഗൂഢാലോചന |

| | | | |
|---|---|---|---|
| | | | നടത്തി അധിക വിലയ്ക്ക് ഗുണനിലവാരമില്ലാത്ത തോട്ടണ്ടി വാങ്ങുകയും ശരിയായ രീതിയിൽ കട്ടിംഗ് ടെസ്റ്റ് നടത്താതെയും തോട്ടണ്ടിയുടെ ഗുണനിലവാരം പരിശോധിക്കാതെയും ജിയോ.ചെം ലബോറട്ടറി ഉടമ "സർട്ടിഫിക്കറ്റ് ഓഫ് വെയിറ്റ് ആന്റ് ക്വാളിറ്റി" നൽകുകയും ചെയ്തു എന്നതാണ് ഒരു കേസിൽ ഇവരെ സംബന്ധിച്ചുള്ള ആക്ഷേപം. |
| (സി) | ഈ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വെളിപ്പെടുത്താമോ? | (സി) | അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് ഒരു ത്വരിത പരിശോധന നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ ഇടപാടിൽ അപാകതയും, അഴിമതിയും നടന്നതായും അതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായും പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ